**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 4337** **12.11.2019-ൽ മറുപടിക്ക്**

സെന്തുരുണി ഇക്കോ ടൂറിസം

| | **ചോദ്യം**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സെന്തുരുണി ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി സഞ്ചാരികൾക്ക് നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | സെന്തുരുണി ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത് വനം വകുപ്പിലെ സെന്തുരുണി വൈൽഡ് ലൈഫ് വാർഡന്റെ കീഴിലാണ്. എങ്കിലും ഈ പദ്ധതിയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി 2014 - 15 സാമ്പത്തിക വർഷം 40 ലക്ഷം രൂപ വിനോദ സഞ്ചാര വകുപ്പ് അനുവദിച്ചിരുന്നു. |
| ബി) | ഇവർക്കായി സെന്തുരുണിയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മിതമായ നിരക്കിൽ ആയത് ഒരുക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) | വിനോദ സഞ്ചാര വകുപ്പ് അനുവദിച്ച തുകയിൽ 8 ലക്ഷം രൂപ സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കാനാണ് വിനിയോഗിച്ചത്. സെന്തുരുണി ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത് വനം വകുപ്പിലെ സെന്തുരുണി വൈൽഡ് ലൈഫ് വാർഡന്റെ കീഴിൽ ആയതിനാൽ താമസ സൗകര്യം സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് വനം വകുപ്പാണ്. |
| സി) | പ്രസ്തുത ഇക്കോ ടൂറിസം പ്രോജക്ടിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) | സെന്തുരുണി ഇക്കോ ടൂറിസം പ്രോജക്ടിൽ ഫൈവ് ഡി തിയറ്ററിനായി 73.13 ലക്ഷം രൂപയുടെ പദ്ധതി വനം വകുപ്പ് തയാറാക്കിയിട്ടുണ്ട്. ഇതിന്റെ ഇക്കോ ടൂറിസം സാധ്യത പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ